## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 815** **25.01.2018-ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.റ്റി. കോളനികൾ**

**ചോദ്യം**
**ശ്രീ.പി.സി. ജോർജ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കേരളത്തിൽ ആകെ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഉണ്ട്; അവയുടെ പേരും സ്ഥലവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | പട്ടികജാതി വികസന വകുപ്പും, തദ്ദേശ സ്ഥാപനങ്ങളും, കിലയും സംയുക്തമായി നടത്തിയ സർവ്വേ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 26342 പട്ടികജാതി കോളനികൾ/സങ്കേതങ്ങൾ ഉണ്ട്. 50-ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു.<br>2008-ലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കുടുംബങ്ങളുടെ സർവ്വേ പ്രകാരം കേരളത്തിൽ ആകെ 4762 പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉണ്ട്. അവയുടെ പേരും സ്ഥലവും ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധം - II ആയി ചേർക്കുന്നു. |
| ബി) | പ്രസ്തുത കോളനികളിൽ താമസിക്കുന്ന എത്ര പേർക്ക് ഇനി വീട് വച്ച് കൊടുക്കുവാൻ ഉണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) | പട്ടികജാതി സങ്കേതങ്ങളിൽ താമസിക്കുന്ന 30918 പേർക്ക് ഇനി വീട് വച്ച് കൊടുക്കുവാനുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | പാട്ടകാലാവധി കഴിഞ്ഞ സർക്കാർ ഭൂമി തിരികെ ഏറ്റെടുത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്കും 2 ഏക്കർ ഭൂമി വീതം ഓരോ കുടുംബങ്ങൾക്കും നൽകുന്ന കാര്യം പ്രത്യേകമായി പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) | പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയുടെ ലഭ്യതയ്ക്ക് അനുസരിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാനാവൂ. |

സെക്ഷൻ ഓഫീസർ